ശേഷി ഉയർത്തൽ, പുതിയ 33 കെ.വി.സബ്സ്റ്റേഷനുകളുടെ നിർമ്മാണം എന്നിവ സമയബന്ധിതമായി രണ്ട് വർഷത്തിനുള്ളിൽ ചെയ്തു തീർക്കേണ്ടതായുണ്ട്. ഇവ ബോർഡ് നേരിട്ട് ചെയ്യുന്നതിലേയ്ക്കായി വേണ്ടിവരുന്ന പുതിയ തസ്തികകളെ സംബന്ധിച്ച നിർദ്ദേശമാണ് 15-3-1999-ൽ ചീഫ് എഞ്ചിനീയർ നൽകിയത്.

(ഇ) കെ.എസ്.ഇ.ബി.യുടെ ധനകാര്യ മെമ്പർ ഈ നിർദ്ദേശം നിരസിക്കുകയല്ല ഉണ്ടായത്. മറിച്ച് പ്രസ്തുത ജോലികൾ ബോർഡ് നേരിട്ടു ചെയ്യുന്നതിനു പകരം ടേൺ-കീ അടിസ്ഥാനത്തിൽ ചെയ്യുന്നതിന് തീരുമാനിച്ചതിന്റെ ഫലമായി, ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം ഭാഗികമായി അംഗീകരിച്ച് പുതിയ രണ്ട് ട്രാൻസ്മിഷൻ കൺസ്ട്രക്ഷൻ സർക്കിളുകൾ രണ്ട് വർഷക്കാലത്തേയ്ക്ക് അനുവദിക്കുകയാണുണ്ടായത്.

(എഫ്) പുതിയ നിർദ്ദേശങ്ങളൊന്നും ബോർഡിന്റെ പരിഗണനയിലില്ല. ട്രാൻസ്മിഷൻ വിഭാഗത്തിൽ ചെയ്യേണ്ട ജോലികൾക്ക് ആവശ്യമായ തസ്തികകൾ സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുന്നതിന് ആ ജോലി സംബന്ധിച്ച നിർദ്ദേശം ബോർഡിന് സമർപ്പിക്കുന്ന ചീഫ് എഞ്ചിനീയർക്ക് അധികാരമുണ്ട്. ഇലക്ട്രിക്കൽ എന്നല്ല, സംസ്ഥാന വിദ്യുച്ഛക്തി ബോർഡിലെ മൊത്തം വിഭാഗം ജീവനക്കാരുടെയും ജോലിഭാരം സംബന്ധിച്ച് ഒരു വർക്ക്സ്റ്റഡി നടത്തി ആവശ്യമായ തസ്തികകൾ അനുവദിക്കുകയും ആവശ്യമില്ലാത്തവ നിർത്തലാക്കുകയും ചെയ്യുക എന്നുള്ളതാണ് ബോർഡിന്റെയും സർക്കാരിന്റെയും നിലപാട്.

— **കെ.എസ്.ഇ.ബി.യിലെ വരുമാനവും ചെലവും**

105 (212) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-92 സാമ്പത്തിക വർഷം മുതൽ ഇതേവരെ കെ.എസ്.ഇ.ബോർഡിൽ ഓരോ വർഷവും എത്ര കോടി രൂപയുടെ വരുമാനം ഉണ്ടായി എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര കോടി രൂപയുടെ ചെലവുണ്ടായി;

(സി) കെ.എസ്.ഇ.ബി.ക്ക് ഇപ്പോൾ എത്ര കോടി രൂപയുടെ കടബാദ്ധ്യതയുണ്ട്;

(ഡി) ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് കെ.എസ്.ഇ.ബി.വായ്പ എടുത്തിട്ടുള്ളത്;

(ഇ) ഓരോ ധനകാര്യ സ്ഥാപനങ്ങൾക്കും മുതലും പലിശയും ഇനത്തിൽ ഓരോ മാസവും എത്ര കോടി രൂപ തിരിച്ചടക്കേണ്ടതായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബോർഡിന്റെ വാർഷിക കണക്കു പ്രകാരം 1991-92 മുതൽ 96-99 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ബോർഡിനുണ്ടായ വരുമാനത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	വിദ്യുച്ഛക്തി വില്പന മുഖാന്തിരം	സബ്സിഡിയും ഗ്രാന്റും (തുക കോടിയിൽ)	മറ്റിനം
1991-92	336.18	1.56	5.53
1992-93	438.75	0.02	5.87
1993-94	530.88	-	6.86
1994-95	625.19	0.56	10.87
1995-96	711.16	58.30	13.87
1996-97	691.88	276.02	13.46
1997-98	973.32	321.31	17.90
1998-99	1234.71	301.71	29.08

(താല്കാലിക കണക്ക്)

(ബി) 1991-92 സാമ്പത്തിക വർഷം മുതൽ ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	ചെലവ് (രൂപ കോടിയിൽ)
1991-92	378.96
1992-93	426.22
1993-94	513.01
1994-95	622.82
1995-96	760.57
1996-97	959.37
1997-98	1287.92
1998-99	1526.76

(താല്ക്കാലിക വാർഷിക കണക്ക്)

LIBRARY ARCHIVES Kerala Legislative Assembly

(സി) 1998-99 താൽക്കാലിക വാർഷിക കണക്കുനുസരിച്ച് മറ്റു സാമ്പത്തിക സ്ഥാപനങ്ങളുമായി ബോർഡിന് 2878.49 കോടി രൂപയുടെ കട ബാദ്ധ്യതയുണ്ട്.

(ഡി) പ്രധാനമായും താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നുമാണ് ബോർഡ് വായ്പ എടുത്തിട്ടുള്ളത്.

ഐ.ഡി.ബി.ഐ.

എൽ.ഐ.സി

എച്ച്.ഡി.എഫ്.സി

കാൻഫിൻ ഹോംസ്

ആർ.ഇ.സി.

നബാർഡ്

പവർ ഫിനാൻസ് കോർപ്പറേഷൻ, ഡൽഹി.

കേരള പവർ ഫിനാൻസ് കോർപ്പറേഷൻ.

ക്രെഡിറ്റ് ലയോണിസ്.

എക്സ്പോർട്ട് ഡവലപ്പമെന്റ് കോർപ്പറേഷൻ(ഇ.ഡി.സി.കാനഡ)

ബാങ്കുകൾ

(ഇ) ബോർഡിന്റെ 1998-99-ലെ താൽകാലിക വാർഷിക കണക്കു പ്രകാരം ഓരോ ധനകാര്യ സ്ഥാപനങ്ങൾക്കും മുതലും പലിശയും ഇനത്തിൽ ഓരോ മാസവും ശരാശരി അടക്കേണ്ടതായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

	മുതൽ	പലിശ (ലക്ഷത്തിൽ)
ക്രെഡിറ്റ് ലയോണിസ്	154.02	96.83
ബാങ്കുകൾ	46.05	82.95
ഐ.ഡി.ബി.ഐ	595.26	244.30
ബിസ്മി	33.45	11.99
എൽ.ഐ.സി.	121.95	232.83
എച്ച്.ഡി.എഫ്.സി	11.23	11.56
കാൻഫിൻ ഹോംസ്	7.28	13.47
ഇ.ഡി.സി	-	10.40
ആർ.ഇ.സി	282.57	287.61
നബാർഡ്	21.51	3.42
പി.എഫ്.സി	33.87	150.31

LIBRARY ARCHIVES Kerala Legislative Assembly